



# അമ്പലപുരം ദേശവിദ്യാലയം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2017-18 അക്കാദമിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണവും ഈ മാറ്റങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കുക എന്നത്. ഇതിന്റെ ഭാഗമായി 06/01/2018 ൽ സ.ഉ(സാധാ) നം.100/2018/പൊ.വി.വ പ്രകാരം അക്കാദമിക മാസ്റ്റർ പ്ലാൻ സംബന്ധിച്ച പൊതുമാർഗ്ഗരേഖ ഉത്തരവായി എല്ലാ വിദ്യാലയങ്ങളിലും എത്തിച്ചിരുന്നു. ഇതിൻ്റെ തുടർച്ചയായി മുഴുവൻ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുണ്ടായി. തുടർ വർഷങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളുകൾ വികസിപ്പിക്കുകയുണ്ടായി. 10/10/2023-ൽ പ്രൈമറിക്ലാസ്സുകളിലെ വിദ്യാഭ്യാസ ഗുണത വർദ്ധിപ്പിക്കുന്നതിനായി സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ നിർവഹണം സംബന്ധിച്ച് സ.ഉ.(സാധാ) നം.153/2023/പൊവിവ പ്രകാരം ഉത്തരവിറക്കിയിരുന്നു. ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്രവികാസവും ഉറപ്പാക്കുന്നതിന്, അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ്. ഇത് വിദ്യാലയത്തിൻ്റെ കാഴ്ചപ്പാടും, അക്കാദമിക ലക്ഷ്യങ്ങളും, വിഭവവിനിയോഗവും, പ്രവർത്തന പരിപാടികളും ഉൾക്കൊള്ളുന്നു.

# സമഗ്രഗുണമേന്മാ വർഷം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ നിലപാട്. മികവ് എന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിൻ്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ നമുക്ക് കഴിയണം. അതിൻ്റെ ഭാഗമായാണ് ഈ വർഷം 'സമഗ്രഗുണമേന്മാവർഷ'മായി പരിഗണിക്കുന്നത്. ഓരോ കുട്ടിയും അതത് ക്ലാസ്സിൽ നേടണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ആർജ്ജിച്ച് മുന്നേറണം. കുട്ടികളുടെ സമഗ്രവികാസത്തിൽ ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരിക, സാമൂഹിക ഘടകവികാസമേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്. കേവലം വിവരങ്ങളുടെ ശേഖരണവും അറിവിൻ്റെ ഉത്പാദനവും മാത്രമായി വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തരുത്. അറിവെന്നാൽ പാഠപുസ്തകങ്ങളിൽ നിന്നു മാത്രം ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. പാഠപുസ്തകങ്ങളിലെ വിവരങ്ങൾ കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്ഫുരണങ്ങൾ സൃഷ്ടിക്കണം. ജീവിതം കെട്ടിപ്പടുക്കുക എന്നതാവണം പഠനത്തിന്റെ ലക്ഷ്യം. അതിന് അറിവ് മാത്രം മതിയാകില്ല. വിവേകവും വിവേചനബുദ്ധിയും സഹജീവിസ്നേഹവും വിമർശനാത്മകബുദ്ധിയും എല്ലാം കുട്ടികളിൽ അങ്കുരിക്കുകയും വികസിക്കുകയും വേണം. നിലയിലേക്ക് കുട്ടികളുടെ ചിന്താശേഷിയെ വളർത്താനും വികസിപ്പിക്കാനും കഴിയേണ്ടതുണ്ട്. മാനവീകതയുടെയും സ്നേഹത്തിന്റെയും മതനിരപേക്ഷചിന്തയുടെയും ജനാധിപത്യബോധത്തിന്റെയും പ്രകാശത്തിലേക്കാണ് കുട്ടികൾ വളരേണ്ടത്. അത്തരം അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കുന്ന ഇടങ്ങളായി സ്കൂൾ കാമ്പസ്സുകൾ മാറണം

# അക്കാദമിക മാസ്റ്റർ പ്ലാൻ എന്ത് ?എന്തിന് ?

സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി പൊതുവായി കുട്ടികളുടെ സമഗ്രവികസനത്തിനനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്തപ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ ഓരോ സ്ഥാപനത്തിന്റെയും അക്കാദമിക ആസൂത്രണത്തിനും സ്വയം സജ്ജമാകലിനും സഹായകമായ അക്കാദമിക ചട്ടക്കൂടാണ്.സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി പൊതുവായി കുട്ടികളുടെ സമഗ്രവികസനത്തിനനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്തപ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ ഓരോ സ്ഥാപനത്തിന്റെയും അക്കാദമിക ആസൂത്രണത്തിനും സ്വയം സജ്ജമാകലിനും സഹായകമായ അക്കാദമിക ചട്ടക്കൂടാണ്.


A D V U P S Peringandur

| സ്കൂൾ വിവരങ്ങൾ | | |
|---|---|---|
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| സ്കൂൾ കോഡ് | : | 24671 |
| സ്കൂളിന്റെ പേര് | : | എ ഡി വി യു പി എസ് പെരിങ്ങണ്ടൂർ |
| മേൽവിലാസം | : | പെരിങ്ങണ്ടൂർ ,തൃശ്ശൂർ ജില്ല, പിൻ680581 |
| ഫോൺ നമ്പർ | : | 8547096749 |
| ഈമെയിൽ അഡ്രസ് | : | hmadvups@gmail.com |
| മുനിസിപ്പാലിറ്റി | : | വടക്കാഞ്ചേരി |
| വില്ലേജ് | : | പെരിങ്ങണ്ടൂർ |
| വിദ്യാഭ്യാസ ജില്ല | : | ചാവക്കാട് |
| സബ്ജില്ല | : | വടക്കാഞ്ചേരി |
| ക്ലാസുകൾ | : | പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ |
| മാനേജ്മെന്റ് | : | എയ്ഡഡ് |
| മാധ്യമം | : | ഇംഗ്ലീഷ്, മലയാളം |

തൃശ്ശൂർ ജില്ലയുടെ ഏകദേശം വടക്ക കിഴക്കുഭാഗത്തായി വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ആണ് എ ഡി വി യു പി എസ് പെരിങ്ങണ്ടൂർ സ്ഥിതിചെയ്യുന്നത്. പാഠ്യ പാഠ്യേതര രംഗത്ത് വടക്കാഞ്ചേരി ഉപജില്ലയിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. ഉൾച്ചേർന്ന വിദ്യാഭ്യാസം(inclusive education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികൾക്ക് തുന്നൽ,കരാട്ടെ,യോഗ,ഡാൻസ് തുടങ്ങിയവയിൽ പരിശീലനങ്ങൾ നൽകുന്നുണ്ട്. ബി ആർ സി എജ്ജുക്കേറ്ററുടെ ഫലപ്രദമായ കൗൺസിലിംഗ് കുട്ടികൾക്ക് ലഭിക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ പരിശീലനം നൽകി മികവാർന്ന വിജയം നേടാനും നമ്മുടെ സ്കൂളിന് സാധിക്കുന്നു.അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. വിലയിരുത്തൽ പ്രവർത്തനങ്ങളും പരിഹാര ബോധന പ്രക്രിയകളും നൽകുന്നുണ്ട്. ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം സ്കൂളിന്റെ മുഖമുദ്രയാണ്. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്

സ്കൂളിന്റെ തനത് പ്രവർത്തനമായി കുട്ടികൾക്ക് ഇംഗ്ലീഷും മലയാളവും നന്നായി എഴുതാനും, വായിക്കാനും, സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ടുവച്ചിട്ടുള്ളത്

## സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ

1. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.

2. മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമാക്കുക, പരിഷ്കരിക്കുക

3.സാങ്കേതികവിദ്യാ സൗഹൃദവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

4. ഭരണപരമായപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക

5. അധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

6 . വിദ്യാലയ സമിതികളും മറ്റുവകുപ്പുകൾ/സ്ഥാപനങ്ങളുമായുള്ള സഹകരണവും പിന്തുണയും ശക്തിപ്പെടുത്തുക.

7. മറ്റുകാര്യങ്ങൾ

( കുട്ടികൾക്ക് മികച്ച മാനസിക വൈകാരിക പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, നടപ്പാക്കുക. ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ

മയക്കുമരുന്ന്, ലഹരി എന്നിവയ്ക്കെതിരായ നിലപാട് കൈക്കൊള്ളുന്നതിനായി പഠനപ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയുമുള്ള പ്രവർത്തനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

' ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം' എന്ന പ്രവർത്തന പദ്ധതി സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പാക്കുക.

കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.

സ്കൂൾ വർഷാരംഭത്തിൽ സ്കൂളുകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച വിഷയങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുക.)

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.

*കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകളെ പ്രോത്സാഹിപ്പിച്ച്സബ് ജില്ല, ജില്ലാതലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

കളി ഉപകരണങ്ങളോട് കൂടിയ ശിശു സൗഹൃദ
പ്രീ പ്രൈമറി ക്ലാസ് മുറി

കമ്പ്യൂട്ടർ ലാബ്

ആൺകുട്ടികൾക്കും
പെൺകുട്ടികൾക്കും വേണ്ടി പ്രത്യേകം
ശുചിമുറികൾ

മാലിന്യ സംസ്കരണ സംവിധാനം

- പോക്സോ സംബന്ധമായ ബോധന ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- ലഹരി വിരുദ്ധ മനോഭാവം വളർത്തുന്നതിന് ക്ലാസുകൾ സംഘടിപ്പിക്കുന്നു.

- ലൈബ്രറി വിപുലീകരിക്കുന്നു.

- ശാസ്ത്ര, ഗണിത ലാബുകളുടെ ശാക്തീകരണം.

- കരാട്ടെ ,യോഗ ,ഡാൻസ്, ബാൻഡ്സെറ്റ് എന്നിവയ്ക്ക് പ്രത്യേക പരിശീലനം

- ജൈവ വൈവിധ്യ ഉദ്യാനം, ശലഭോദ്യാനം, പച്ചക്കറിത്തോട്ടം എന്നിവ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ വിപുലീകരിക്കുന്നു.
- വിഷയസംബന്ധിതമായ വർക്ക് ഷീറ്റുകൾ എല്ലാ കുട്ടികൾക്കും നൽകൽ.
- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു.
- പഠന വിടവ് നികത്താനുള്ള തനത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

# അമ്പലപുരം ദേശവിദ്യാലയം

## ചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭ കാലത്ത് വിദ്യാലയങ്ങൾ പട്ടണങ്ങളിൽ മാത്രമാണുണ്ടായിരുന്നത്. ഗ്രാമങ്ങളിൽ എട്ടോ പത്തോ കിലോമീറ്റർ അകലെ ഏതാനും സ്കൂളുകൾ കണ്ടേക്കാം. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവർ വളരെ വിരളമായേ ഉണ്ടായിരുന്നുള്ളൂ. തന്റെ പ്രദേശത്തെ ആളുകൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി അമ്പലപുരം ഗ്രാമത്തിൽ ഒരു സരസ്വതി വിദ്യാലയം സ്ഥാപിക്കാൻ ശ്രീ മണക്കുളം മുകുന്ദരാജ മുൻകൈയെടുത്തു. മുകുന്ദരാജാവിന്റെ അശ്രാന്ത പരിശ്രമ ഫലമായി നാട്ടുകാരുടെ സഹായസഹകരണങ്ങളുടെ 1918 ജൂൺ മാസത്തിൽ അമ്പലപുരത്ത് ഒരു പ്രാഥമിക വിദ്യാലയം ഉയർന്നു. ഒരു നെല്ല് കുത്ത് പുരയായിരുന്ന അതിനായി ഉപയോഗിക്കപ്പെട്ടത്. ചെറിയൊരു വൈക്കോൽപുരയിൽ ഒന്നും രണ്ടും ക്ലാസുകൾ ആണ് ആദ്യത്തെ അധ്യയന വർഷം ആരംഭിച്ചത്. വളരെ അകലെ നിന്നുള്ള കുട്ടികൾ പോലും വിദ്യാഭ്യാസം നേടാനായി ഈ വിദ്യാലയത്തെ ആശ്രയിച്ചിരുന്നു. നാട്ടിലെ കുട്ടികൾക്ക് ജാതിമതഭേദമില്ലാതെ ഒരേ ക്ലാസിലും ബെഞ്ചിലും ഒപ്പം ഇരുന്ന് പഠിക്കാനുള്ള സൗകര്യം ആ വിദ്യാലയം നൽകിപ്പോന്നു.അത് നമ്മുടെ നാടിന്റെ പുരോഗമനപരമായ ഒരു കാൽവെപ്പ് തന്നെയായിരുന്നു.

അടുത്തകൊല്ലം മൂന്നാം ക്ലാസ് കൂടിയായപ്പോൾ അവിടെ സ്ഥലം മതിയാകാതെ വന്നതിനാൽ അത്താണിയിൽ അന്ന് ഒഴിഞ്ഞു കിടന്നിരുന്ന 'പോലീസ് ഔട്ട് പോസ്റ്റ്' കെട്ടിടത്തിലേക്ക് സ്കൂൾ മാറ്റേണ്ടി വന്നു. അക്കൊല്ലം തന്നെ അമ്പലപുരത്ത് സ്വന്തമായ ഒരു കെട്ടിടം ഉണ്ടാക്കാൻ മുകുന്ദരാജ ശ്രമം തുടങ്ങി. അന്നത്തെ കൊച്ചി വിദ്യാഭ്യാസമേലധ്യക്ഷനായിരുന്ന ശ്രീ എഫ് എസ് ഡേവിഡ് ആണ് വിദ്യാലയത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചത് . നാട്ടുകാരുടെ അകമഴിഞ്ഞ സഹകരണത്താൽ 1920 മെയ് മാസത്തോടെ കെട്ടിടത്തിന്റെ പണിപൂർത്തിയായി, ജൂൺമാസം തൊട്ട് വിദ്യാലയം പുതിയ കെട്ടിടത്തിൽ ആരംഭിക്കുകയും ചെയ്തു. ജനങ്ങളുടേതെന്ന് ഉയർത്തിക്കാട്ടാനായി അമ്പലപുരം ദേശവിദ്യാലയം എന്നാണ് അദ്ദേഹം സ്കൂളിന് നാമകരണം ചെയ്തത്. എൽപി ആയി തുടങ്ങിയ സ്കൂൾ 1962 ൽ യുപി സ്കൂളായി ഉയർത്തി . ഇന്ന് വടക്കാഞ്ചേരി വിദ്യാഭ്യാസ ഉപജില്ലയിലെ ഏറ്റവും നല്ല സ്കൂളുകളിൽ ഒന്നായി പ്രവർത്തിക്കുകയാണ് അമ്പലപുരം ദേശവിദ്യാലയം. ഒരു നാടിൻറെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും നിദാനമായതും വിജ്ഞാനത്തിന്റെ വാതിൽ തുറക്കുന്നതുമായ ഒരു വിദ്യാലയം സ്ഥാപിച്ചതിലൂടെ അമ്പലപുരം ഗ്രാമത്തെ പുരോഗതിയിലേക്ക് നയിക്കുകയായിരുന്നു ശ്രീ മുകുന്ദരാജ . 'കഥകളിയുടെ കേളികൊട്ട്' 'സരസ്വതി ക്ഷേത്രത്തിലെ മണിമുഴക്കം', 'സഹകരണ ബാങ്കുകളിലെ നാണയ കിലുക്കം' 'പഞ്ചായത്തിലെ പൊട്ടിച്ചിരികൾ' ഇവയെല്ലാം സമന്വയിച്ച ഒരു അത്ഭുതപ്രതിഭയായിരുന്ന യശ:ശരീരനായ ശ്രീ മണക്കുളം മുകുന്ദരാജ ദേശത്തിന് നൽകിയ മുതൽക്കൂട്ടാണ് അമ്പലപുരം ദേശവിദ്യാലയം.

# എ.ഡി.വി.യു.പി.സ്കൂൾ ഇന്ന്

ഓഫീസ് മുറി, കമ്പ്യൂട്ടർ മുറി, ലൈബ്രറി അടക്കം 27 മുറികൾ ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരകളും നാല് ടോയ്‌ലറ്റുകളും ഉണ്ട്. പുതുതായി നിർമ്മിച്ച എട്ട് ടോയ്‌ലറ്റുകൾ കൂടി പ്രവർത്തനക്ഷമമായിട്ടുണ്ട്. സാനിറ്ററി പാഡ് ഡിസ്പോസർ (ഇൻസിനറേറ്റർ) ഉപയോഗപ്പെടുത്തുന്നുണ്ട്. ഒരേക്കറോളം വരുന്ന വിശാലമായ കളിസ്ഥലം ഉണ്ട്. മുകുന്ദ രാജ സാംസ്കാരിക അക്കാദമിയുടെ സ്പോൺസർഷിപ്പിൽ ലഭിച്ച ലൈബ്രറി കുട്ടികൾക്ക് പ്രയോജനപ്രദമാണ്. യാത്രാ സൗകര്യാർത്ഥം 3 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

കലോത്സവ മത്സരങ്ങളിലും ശാസ്ത്രപ്രവർത്തി പരിചയമേളകളിലും എല്ലാ ഇനങ്ങളിലും പങ്കെടുക്കുന്നുണ്ട്. സ്കൂൾതലത്തിൽ രചനാ മത്സരങ്ങളും വിവിധ ക്വിസ് മത്സരങ്ങളും നടത്തുന്നുണ്ട്. സബ് ജില്ല, ജില്ലാതലങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. അവയിൽ സ്ഥിരമായി നമ്മുടെ കുട്ടികൾ നേട്ടങ്ങൾ കൈവരിക്കുന്നുണ്ട്. വിവിധ മത്സരപ്പരീക്ഷകൾക്ക് പ്രത്യേകം പരിശീലനം നല്കുന്നു. കരാട്ടെ, യോഗ, ഡാൻസ്, തുന്നൽ എന്നിവയിൽ പരിശീലനം നല്കുന്നുണ്ട്. കഴിഞ്ഞ വർഷം മുതൽ ബാൻഡ്സെറ്റ് നിലവിൽ വന്നു.

നമ്മുടെ വിദ്യാലയത്തിൽ പഠിച്ച പോയ കുട്ടികളാണ് വലിയ ക്ലാസുകളിലേക്കെത്തുമ്പോൾ മറ്റ് വിദ്യാലയങ്ങളിൽ മുൻനിരയിൽ നിൽക്കുന്നത് എന്നത് പ്രത്യേകം എടുത്തു പറയേണ്ട വസ്തുതയാണ്.

# അക്കാദമികം – നേട്ടങ്ങൾ

- വടക്കാഞ്ചേരി ഉപജില്ലയിൽ ഗണിതശാസ്ത്രമേളയിൽ രണ്ടാം സ്ഥാനവും പ്രവർത്തി പരിചയമേളയിൽ നാലാം സ്ഥാനവും നേടുന്ന വിദ്യാലയമായി മാറാൻ കഴിഞ്ഞു.
- കഴിഞ്ഞ 28 വർഷത്തിനുള്ളിൽ 22 കുട്ടികൾക്ക് LSS/USS സ്കോളർഷിപ്പുകൾ ലഭിച്ചിട്ടുണ്ട്. ഈ വർഷം ബിനോയ് ബെന്നി USS സ്കോളർഷിപ്പ് നേടി.
- പ്രീ പ്രൈമറി വിഭാഗത്തിൽ നടത്തുന്ന സ്കോളർഷിപ്പുകളിൽ നമ്മുടെ കുട്ടികൾ മികവ് പുലർത്താറുണ്ട്.
- വിദ്യാരംഗം, മലയാളം ,ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം, അടിസ്ഥാന, ശാസ്ത്രം, ഗണിതം, കാർഷികം, എക്കോ ക്ലബ്ബുകളിലൂടെ വൈവിധ്യമാർന്ന പഠനത്തോടൊപ്പം പ്രവർത്തനങ്ങളിലും താൽപര്യം ജനിപ്പിക്കാൻ സാധിക്കുന്നുണ്ട് .
- മലയാളത്തിളക്കം ഹലോ ഇംഗ്ലീഷ്, ഗണിതം മധുരം , സുരീലി ഹിന്ദി തുടങ്ങിയ പഠന പോഷണ പരിപാടികളിലൂടെ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ട്.
- സ്കൂളിന്റെ തനത് പഠന പോഷണ പരിപാടി 'ഉജ്ജ്വലനം' നടത്തിയതിൽ വിജയം കണ്ടെത്തി
- കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിദ്യാരംഗം,മലയാളം ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ 'തേന്മഴ', 'കിളികൊഞ്ചൽ' എന്നിങ്ങനെ രണ്ട് മാഗസിനുകൾ തയ്യാറാക്കി പ്രകാശനം ചെയ്തു.
- സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻറെ നേതൃത്വത്തിൽ സമേതം പരിപാടിയുടെ ഭാഗമായി 'കൃഷിയും ഭൂബന്ധങ്ങളും' എന്ന പ്രോജക്ട് തയ്യാറാക്കി സബ്ജില്ലാതലത്തിൽ അവതരിപ്പിച്ചിരുന്നു.
- കലാകായിക രംഗങ്ങളിൽ സബ്ജില്ലാതലത്തിൽ മികച്ച വിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.
- നമ്മുടെ വിദ്യാലയത്തിലെ ആശിഷ് കുമാർ ജില്ലാതല കലോത്സവ ഹിന്ദി കഥാരചനയിൽ എ ഗ്രേഡ് നേടി
- നമ്മുടെ സ്കൂളിന് പുതുതായി ഒരു ബാൻഡ് ടീം കഴിഞ്ഞവർഷം മുതൽ നിലവിൽ വന്നു

# അക്കാദമികം – പരിമിതികൾ

ഐസിടി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ക്ലാസ് മുറികളിൽ ഉപകരണങ്ങളുടെ പരിമിതികൾ നിലനിൽക്കുന്നു.

ഗണിതലാബ്, ശാസ്ത്രലാബ് എന്നിവ ഒരുക്കുന്നതിനുള്ള മതിയായ സൗകര്യമില്ല.

ഐസിടി പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്.

ലൈബ്രറി പുസ്തകങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യാൻ സാധിച്ചിട്ടില്ല.

# ഭൗതികനേട്ടങ്ങൾ

- ലൈബ്രറി
- കമ്പ്യൂട്ടർ ലാബ്
- ബാൻഡ് സെറ്റ്
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ടോയ്ലറ്റ് സൗകര്യമുണ്ട്
- ശുദ്ധജല ലഭ്യതയ്ക്ക് രണ്ട് വാട്ടർ പ്യൂരിഫയർ ഉപയോഗിക്കുന്നു.
- ഗവൺമെൻറ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പാചകപ്പുര കഴിഞ്ഞവർഷം മുതൽ പ്രവർത്തനസജ്ജമായിട്ടുണ്ട് .
- മാലിന്യ നിർമാർജ്ജനത്തിന് പ്രത്യേക ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ഭക്ഷണാവശിഷ്ടങ്ങളും അടുക്കള മാലിന്യങ്ങളും നിർമാർജ്ജനം ചെയ്യുന്നതിന് ബയോഗ്യാസ് പ്ലാൻറ് ഉപയോഗപ്പെടുത്തിയിരുന്നു
- നഗരസഭ സ്കൂളിന് അനുവദിച്ച കരിയില കമ്പോസ്റ്റ് സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്.
- സാനിറ്ററിപാഡ് ഡിസ്പോസ് ചെയ്യുന്നതിന് ഇൻസിനറേറ്റർ വടക്കാഞ്ചേരി നഗരസഭ നൽകിയിട്ടുണ്ട്
- യാത്രാസൗകര്യം

# ഭൗതിക പരിമിതികൾ

- ആധുനിക രീതിയിലുള്ള ക്ലാസ് മുറികൾ പുതിയ കാലഘട്ടത്തിനനുസരിച്ച് ആവശ്യമാണ്.
- കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഡൈനിങ് റൂം നിലവിലില്ല
- കുട്ടികളുടെ കലാപ്രകടനങ്ങൾ നടത്താനും മറ്റു പൊതുയോഗ സൗകര്യങ്ങൾക്കും ഉതകുന്ന ഒരു ഓഡിറ്റോറിയം ആവശ്യമുണ്ട്
- കലാ പഠനത്തിന് പരിശീലനം നൽകാനും അവതരിപ്പിക്കാനും പ്രത്യേക റൂം സൗകര്യം ആവശ്യമുണ്ട്
-

# സാമൂഹികം – നേട്ടങ്ങൾ

✔ പൂർവ്വ വിദ്യാർത്ഥിയായ ശ്രീ. ഫിജോഷ് സ്കൂളിലേക്ക് മലയാള മനോരമ പത്രവും പി എസ് സി ബാങ്ക് ദേശാഭിമാനി പത്രവും ബി ആർ സി വടക്കാഞ്ചേരി ഹിന്ദു പത്രവും സ്പോൺസർ ചെയ്തിട്ടുണ്ട്. മാതൃഭൂമി പത്രവും സ്കൂളിൽ കുട്ടികൾക്ക് വായനയ്ക്കായി വരുത്തുന്നുണ്ട്.

✔സമേതം പരിപാടിയുമായി ബന്ധപ്പെട്ട് സമൂഹത്തിലെ വിവിധതരത്തിലുള്ള ആളുകളുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു

✔ എലൈറ്റ് ഗ്രൂപ്പ് സ്കൂളിന് വൃക്ഷത്തൈകളും കുട്ടികൾക്ക് പച്ചക്കറി വിത്തുകളും നൽകിയത് പ്രകൃതിയോടും കൃഷിയോടുമുള്ള താല്പര്യം വർധിപ്പിക്കാൻ സഹായിച്ചു.

✔ജൂൺ 2 പ്രവേശനോത്സവദിനത്തിൽ പുതുതായി വന്നുചേർന്ന കുട്ടികൾക്ക് വേൾഡ് മലയാളി കൗൺസിലും വള്ളുവനാട് പ്രൊവിൻസും തൃശ്ശൂർ ചാപ്റ്ററും സംയുക്തമായി പഠനോപകരണ കിറ്റ് വിതരണം ചെയ്തു.

# പരിമിതികൾ

✗ യുപി സ്കൂൾ ആയതിനാൽ സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാനുള്ള സാധ്യതകൾ പരിമിതമാണ്.

✗ ചെറിയ കുട്ടികൾ എന്നതും സമയത്തിന്റെ അഭാവവും ആണ് പ്രധാന കാരണങ്ങൾ.

# അക്കാദമിക മികവിനുള്ള ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസകരമാക്കാൻ
- വായനശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്ര പോഷണപരിപാടി
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
- അധ്യാപക ശക്തികരണം – സ്കൂൾ എസ് ആർ ജി തലം
- കലാപരിപോഷണം
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- കായിക ശേഷി വികസനം

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ലാബ് നവീകരണം – ശാസ്ത്രം ഗണിതം സാമൂഹ്യ ശാസ്ത്രം
- ലൈബ്രറി ശാക്തീകരണം
- ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ
- പഠനയാത്രകൾ
- മെഡിക്കൽ ക്യാമ്പുകൾ
- സ്കൂൾ മാസിക / സ്കൂൾ പത്രം
- പ്രവർത്തി പരിചയ പരിശീലനം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- ഭാഷാ ലാബ്
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ഐടി പഠനം കാര്യക്ഷമമാക്കൽ
- പിറന്നാളിന് ഒരു പുസ്തകം
- ചിത്രരചന ക്യാമ്പ്
- ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര ഐടി പ്രവർത്തിപരിചയമേളകൾ
- ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ
- സ്കൂൾ തല കലോത്സവം

## ജൂൺ 2025

| | | |
|---|---|---|
| 1 | ലോകക്ഷീര ദിനം | |
| 2 | പ്രവേശനോത്സവം | |
| 3 | ലഹരി വിരുദ്ധവുമായി ബന്ധപ്പെട്ട് സ്കിറ്റ് | |
| 4 | റോഡ് സുരക്ഷ പോസ്റ്റർ നിർമ്മാണം കൊളാഷ് | |
| 5 | ലോക പരിസ്ഥിതി ദിനം വൃക്ഷത്തൈ നടൽ പരിസ്ഥിതിദിന ഗാനാലാപനം പരിസ്ഥിതി ദിന ക്വിസ് പോസ്റ്റർ നിർമ്മാണം | ശാസ്ത്ര ക്ലബ് ,എക്കോ ക്ലബ്ബ് |
| 8 | സമുദ്രദിനം സമുദ്രങ്ങളുടെ സംരക്ഷണം ബോധവൽക്കരണം ഐസിടി പരിചയപ്പെടുത്തൽ | സോഷ്യൽ സയൻസ് ക്ലബ് |
| 9 | പൊതു ആരോഗ്യ ബോധവൽക്കരണ ക്ലാസ് | |

| | | |
|---|---|---|
| 11 | ആരോഗ്യദിന ബോധവൽക്കരണ ക്ലാസ് സിസ്റ്റർ വിനിത (ഹെൽത്ത് ഡിപ്പാർട്ട്മെൻറ് ) സിസ്റ്റർ താര | ആരോഗ്യ ക്ലബ് |
| 12 | ബാലവേല വിരുദ്ധദിനം<br>കുട്ടികളുടെഅവകാശങ്ങൾ സ്കിറ്റ്<br>ലഹരിവിരുദ്ധദിന ബോധവൽക്കരണ ക്ലാസ്-മേജർ സ്റ്റൈജു | ഗ്രൂപ്പ് വൺ |
| 14 | അന്തർദേശീയ രക്തദാന ദിനം<br>രക്തദാനം മഹാദാനം – ബോധവൽക്കരണക്ലാസ് | സയൻസ് ക്ലബ് |
| 19 | വായനാദിനം പുസ്തക പ്രദർശനം പോസ്റ്റർ ക്വിസ് വായന പ്രതിജ്ഞ പുസ്തക പരിചയപ്പെടുത്തൽ<br>സാഹിത്യകാരന്മാരുടെ പരിചയപ്പെടൽ | മലയാളം ക്ലബ്<br>വിദ്യാരംഗം ക്ലബ്ബ് |
| 20 | ലോക അഭയാർത്ഥി ദിനം | |
| 21 | ലോക സംഗീത ദിനം അന്താരാഷ്ട്ര യോഗദിനം<br>അസംബ്ലിയിൽ യോഗ ക്ലാസ് – സുജാത ടീച്ചർ | ഗ്രൂപ്പ് വൺ |
| 26 | പോളിയോ വാക്സിനേഷൻ ദിനം ലഹരിവിരുദ്ധദിനം<br>പ്രതിരോധ കുത്തിവെപ്പിന്റെ പ്രാധാന്യം – സിസ്റ്റർ വിനിത | ശാസ്ത്രരംഗം |

# ജൂലായ് 2025

| | | |
|---|---|---|
| 1 | ഡോക്ടേഴ്സ് ദിനം ആരോഗ്യ വിദ്യാഭ്യാസം ബോധവൽക്കരണ ക്ലാസ് | ശാസ്ത്രക്ലബ്ബ് ചുമതല |
| 5 | വൈക്കം മുഹമ്മദ് ബഷീർ ദിനം പുസ്തകങ്ങൾ പരിചയപ്പെടുത്താൻ കഥാപാത്ര പരിചയം ബഷീർ ക്വിസ് പോസ്റ്റർ നിർമ്മാണം | വിദ്യാരംഗം മലയാളം ക്ലബ്ബ് |
| 11 | ലോക ജനസംഖ്യ ദിനം കുറിപ്പ് വായന ചുമർ പത്രിക തയ്യാറാക്കൽ കൊളാഷ് നിർമ്മാണം | |
| 12 | മലാല ദിനം | |
| 16 | ദേശീയ സ്കൂൾ സുരക്ഷാ ദിനം | സ്കൂൾ പ്രൊട്ടക്ഷൻ ക്ലബ് |
| 21 | ചാന്ദ്രദിനം – ക്വിസ്, വീഡിയോ | ശാസ്ത്രക്ലബ്ബ് ചുമതല |
| 23 | കാർഗിൽ വിജയദിനം | |
| 26 | ഡോക്ടർ എപിജെ അബ്ദുൽ കലാം ഓർമദിനം | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 27 | ലോക പ്രകൃതി സംരക്ഷണ ദിനം | |

# ആഗസ്റ്റ് 2025

| | | |
|---|---|---|
| 6 | ഹിരോഷിമ ദിനം യുദ്ധവിരുദ്ധ റാലി പോസ്റ്റർ നിർമ്മാണം കുറിപ്പ് വായന വീഡിയോ പ്രദർശനം | സോഷ്യൽ സയൻസ് ക്ലബ് |
| 7 | ദേശീയ കൈത്തറി ദിനം, സംസ്കൃതദിനം, ടാഗോർ ദിനം. | |
| 9 | ക്വിറ്റിന്ത്യാ ദിനം, നാഗസാക്കി ദിനം.കുറിപ്പ് വായന, ക്വിസ് മത്സരം ,സഡാക്കോ കൊക്ക് നിർമ്മാണം | സോഷ്യൽ സയൻസ് ക്ലബ് |
| 12 | ലോക യുവജന ദിനം | |
| 13 | ലോക അവയവദാന ദിനം | ശാസ്ത്ര ക്ലബ്ബ് |
| 15 | ഇന്ത്യൻ സ്വാതന്ത്ര്യദിനം . ദേശീയപതാക നിർമ്മാണം, ദേശഭക്തിഗാന മത്സരം , ക്വിസ് ,പ്രസംഗം | |
| 17 | കർഷകദിനം | കാർഷിക ക്ലബ്ബ് |
| 19 | മനുഷ്യസ്നേഹ ദിനം | |
| 20 | സൽഭാവന ദിനം, ശ്രീനാരായണഗുരു ജയന്തി. | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 22 | ലോകനാട്ടറിവ് ദിനം | |
| 28 | അയ്യങ്കാളി ജയന്തി | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 29 | ദേശീയ കായിക ദിനം | |

# സെപ്റ്റംബർ 2025

| | | |
|---|---|---|
| 2 | ലോക നാളികേര ദിനം | കാർഷിക ക്ലബ് |
| 5 | ദേശീയ അധ്യാപക ദിനം. കത്ത് തയ്യാറാക്കൽ, ചുമർ പത്രിക, കുറിപ്പ് അവതരണം. | |
| 8 | ലോക സാക്ഷരതാ ദിനം | സോഷ്യൽ ക്ലബ് |
| 14 | ദേശീയ ഹിന്ദി ദിനം | ഹിന്ദി ക്ലബ്ബ് |
| 15 | അന്താരാഷ്ട്ര ജനാധിപത്യ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 16 | ഓസോൺ ദിനം | ശാസ്ത്ര ക്ലബ്ബ് |
| 18 | അന്താരാഷ്ട്ര മുളദിനം | എക്കോ ക്ലബ് |
| 21 | ശ്രീനാരായണഗുരു സമാധി ദിനം, അൽഷിമേഴ്സ് ദിനം, സമാധാന ദിനം | |
| 28 | ലോക വിവരാവകാശ ദിനം, ലോക ഹൃദയ ദിനം | ശാസ്ത്ര ക്ലബ് |

# ഒക്ടോബർ 2025

| | | |
|---|---|---|
| 1 | ലോക വയോജന ദിനം . വയോജനങ്ങളെ ആദരിക്കൽ. | |
| 2 | ഗാന്ധിജയന്തി – ഗാന്ധിജി അനുസ്മരണം , ഗാന്ധി ക്വിസ് , ശുചീകരണവാരം ആരംഭം, അന്താരാഷ്ട്ര അഹിംസാദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 3 | ലോക ക്ഷേമ ദിനം | |
| 5 | അന്താരാഷ്ട്ര അധ്യാപക ദിനം | |
| 6 | ലോക പുഞ്ചിരി ദിനം | |
| 8 | വ്യോമസേന ദിനം | |
| 9 | ലോക തപാൽ ദിനം. പോസ്റ്റ് ഓഫീസ് സന്ദർശനം. സ്റ്റാമ്പ് ശേഖരണം. കത്തെഴുതൽ മത്സരം. | |
| 10 | ദേശീയ തപാൽ ദിനം. ദേശീയ മാനസികാരോഗ്യ ദിനം. വിവിധ കളികൾ പരിചയപ്പെടൽ. | |
| 15 | ലോക വിദ്യാർത്ഥി ദിനം. ലോക കൈകഴുകൽ ദിനം. | |
| 16 | ലോക ഭക്ഷ്യ ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 17 | ലോക ദാരിദ്ര്യ നിർമാർജന ദിനം ലോക ആയുർവേദ ദിനം | |
| 24 | ഐക്യരാഷ്ട്ര ദിനം | |
| 30 | ദേശീയ സമ്പാദ്യദിനം | |

# നവംബർ 2025

| | | |
|---|---|---|
| 1 | കേരളപ്പിറവി | |
| 7 | അർബുദ ബോധവൽക്കരണ ദിനം. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സ്ഥാപകദിനം | ശാസ്ത്ര ക്ലബ് |
| 9 | ലോക ഉർദുദിനം. ദേശീയ നിയമസേവന ദിനം | സയൻസ് ക്ലബ്ബ് |
| 10 | അന്താരാഷ്ട്ര ശാസ്ത്ര ദിനം, ഗതാഗത ദിനം | സയൻസ് ക്ലബ് |
| 11 | ദേശീയ വിദ്യാഭ്യാസ ദിനം | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 12 | ദേശീയ പക്ഷി നിരീക്ഷണ ദിനം | എക്കോ ക്ലബ്ബ് |
| 14 | ശിശുദിനം. ദേശീയ പ്രമേഹദിനം. | |
| 16 | ദേശീയ പത്രദിനം. | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 19 | ദേശീയ പൗരാവകാശ ദിനം. ദേശീയോൽഗ്രഥന ദിനം | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 25 | ദേശീയ ക്ഷീര ദിനം | ഉച്ചഭക്ഷണ സമിതി |
| 26 | ദേശീയ നിയമദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 30 | ലോക കമ്പ്യൂട്ടർസുരക്ഷാദിനം. ദേശീയ എൻസിസി ദിനം | |

# ഡിസംബർ 2025

| | | |
|---|---|---|
| 1 | ലോക എയ്ഡ്സ് ദിനം | ശാസ്ത്ര ക്ലബ് |
| 2 | ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം | ഐ ടി ക്ലബ്ബ് |
| 3 | മലിനീകരണ നിയന്ത്രണ ദിനം, ദേശീയ ഭിന്നശേഷി ദിനം. | |
| 4 | ദേശീയ നാവിക ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 5 | അന്താരാഷ്ട്ര മണ്ണ് ദിനം , ദേശീയ മാതൃ സുരക്ഷാ ദിനം. | ശാസ്ത്ര ക്ലബ്ബ് |
| 10 | ലോക മനുഷ്യാവകാശ ദിനം . | സോഷ്യൽ സയൻസ്ക്ലബ്ബ് |
| 14 | ഊർജ്ജ സംരക്ഷണ ദിനം. | ശാസ്ത്ര ക്ലബ്ബ് |
| 18 | ലോക അറബിഭാഷാദിനം. | അറബി ക്ലബ് |
| 20 | അന്താരാഷ്ട്ര മാനവ ഐക്യദാർഢ്യ ദിനം. | സോഷ്യൽ സയൻസ് ക്ലബ് |
| 22 | ദേശീയ ഗണിത ദിനം. | |
| 23 | ദേശീയ കർഷകദിനം. | കാർഷിക ക്ലബ്ബ് |
| 24 | ദേശീയ ഉപഭോക്തൃ ദിനം. | സോഷ്യൽ സയൻസ് ക്ലബ് |
| 25 | ക്രിസ്തുമസ് | |

# ജനവരി 2026

| | | |
|---|---|---|
| 1 | പുതുവത്സരപ്പിറവി– ആശംസകാർഡ് നിർമ്മാണം, പുതുവത്സര സന്ദേശം കൈമാറൽ | |
| 9 | ദേശീയ പ്രവാസി ദിനം | |
| 10 | ലോക ഹിന്ദി ദിനം | ഹിന്ദി ക്ലബ് |
| 11 | ലോക ചിരിദിനം | |
| 12 | സ്വാമി വിവേകാനന്ദ ജയന്തി | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 15 | ഇന്ത്യൻ കരസേനാ ദിനം | |
| 23 | നേതാജി ദിനം ദേശീയ കയ്യക്ഷര ദിനം | സോഷ്യൽ സയൻസ് ക്ലബ്ബ് ഭാഷാ ക്ലബ് |
| 24 | ദേശീയ ബാലിക ദിനം | സോഷ്യൽ സയൻസ് |
| 25 | ദേശീയ വിനോദസഞ്ചാര ദിനം – ഭൂപടം വരച്ച വിനോദസഞ്ചാരങ്ങൾ കേന്ദ്രങ്ങൾ അടയാളപ്പെടുത്തൽ പരിസരത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ പരിചയപ്പെടൽ | |
| 26 | റിപ്പബ്ലിക് ദിനം– പതാക ഉയർത്തൽ ,ദേശഭക്തി ഗാനാലാപനം, ഭരണഘടന പരിചയപ്പെടൽ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 29 | ഇന്ത്യൻ പത്രദിനം | |
| 30 | രക്തസാക്ഷി ദിനം | |

# ഫെബ്രുവരി2025

| | | |
|---|---|---|
| 2 | തണ്ണീർത്തടദിനം | |
| 4 | ലോക അർബുദദിനം | സയൻസ് ക്ലബ്ബ് |
| 7 | ഇന്റർനെറ്റ് സുരക്ഷ ദിനം | |
| 9 | ദേശീയ സെൻസസ് ദിനം | |
| 11 | സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ദിനം | |
| 12 | ചാൾസ് ഡാർവിൻ ദിനം | സയൻസ് ക്ലബ് |
| 13 | ഒ എൻ വി ഓർമ്മദിനം ലോക റേഡിയോ ദിനം | ഭാഷ അധ്യാപകർ |
| 19 | പഞ്ചായത്ത് രാജ് ദിനം | സോഷ്യൽ സയൻസ് ക്ലബ് |
| 21 | ലോക മാതൃഭാഷ ദിനം | ഭാഷ അധ്യാപകർ |
| 22 | ചിന്താ ദിനം | |
| 28 | ദേശീയ ശാസ്ത്ര ദിനം | സയൻസ് ക്ലബ് |

# മാർച്ച് 2025

| | | |
|---|---|---|
| 3 | ലോക വന്യജീവി ദിനം | |
| 4 | ദേശീയ സുരക്ഷാ ദിനം | എസ് പി ജി |
| 8 | ലോക വനിതാ ദിനം ലോക വൃക്ക ദിനം | ഹെൽത്ത് ക്ലബ്ബ് |
| 15 | ലോക ഉപഭോക്ത ദിനം സോഷ്യൽ | സയൻസ് ക്ലബ് |
| 16 | ദേശീയ വാക്സിനേഷൻ ദിനം | ഹെൽത്ത് ക്ലബ് |
| 20 | ലോക സന്തോഷ ദിനം | |
| 21 | ലോക വനദിനം | |
| 22 | ലോക ജല ദിനം | സയൻസ് ക്ലബ് |
| 23 | ലോക കാലാവസ്ഥാ ദിനം | എക്കോ ക്ലബ് |
| 24 | ലോക ക്ഷയ ദിനം | |
| 27 | ലോക നാടക ദിനം | വിദ്യാരംഗം ക്ലബ്ബ് |

# ലക്ഷ്യങ്ങൾ - എൽ.പി. വിഭാഗം

## ഭാഷ - മലയാളം

* അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു.
* ചിഹ്നങ്ങൾ ചേർത്ത് എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു.
* പദങ്ങൾ കണ്ടെത്തൽ.
* വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു.

# LP

- സചിത്ര നോട്ടുപുസ്തകം
- സചിത്ര ആസൂത്രണകുറിപ്പ്
- സചിത്ര ഡയറി എന്നിവ തയ്യാറാക്കൽ
- വായിച്ച് സ്വയം ആശയം കണ്ടെത്തൽ
- കഥ കവിത തുടർച്ച പറയൽ

പാട്ടരങ്ങ്
ക്ലാസ് പത്രം
റീഡേഴ്സ് തിയേറ്റർ
രചനോത്സവം
ദൃശ്യാവിഷ്കാരം
കാവ്യോത്സവം
അവധിക്കാല വായന
കഥോത്സവം

# ഒന്നൊരുക്കം മുന്നൊരുക്കം

ഒന്നൊരുക്കം മുന്നൊരുക്കം

ഒന്നാംക്ലാസ്സിൽ പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന പഠന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കുട്ടികളെ പിന്തുണക്കാൻ രക്ഷിതാക്കളെ സജ്ജമാക്കുകയും കുട്ടികളുടെ വികാസ മേഖലകളെ കുറിച്ചും സന്നദ്ധത പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ചും അറിഞ്ഞിരിക്കുന്നതിന് വേണ്ടി ഗവൺമെന്റ് നടത്തുന്ന പ്രവർത്തന പദ്ധതിയാണ് ഒന്നൊരുക്കം. ഇതിൽ കുട്ടികളുടെ കലാ വിദ്യാഭ്യാസം, ഭാഷാപഠനം, ആരോഗ്യ കായിക വികാസം എന്നിവയ്ക്ക് ഊന്നൽ നൽകുന്നുണ്ട്.

നാടൻ പാട്ടുകൾ ശേഖരണം

പഴഞ്ചൊല്ലുകൾ, കഥശേഖരം

കലാരൂപങ്ങൾ

കൃഷി പാട്ട്

## ഭാഷ - ഇംഗ്ലീഷ്

* ഇംഗ്ലീഷ് ഭാഷ കേട്ടുമനസ്സിലാക്കാനുള്ള ശേഷി വളർത്തുന്നു.
* ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു.
* സംഭാഷണം, വിവരണം,ഡയറി മുതലായവ തയ്യാറാക്കാനുള്ള ശേഷി വളർത്തുന്നു.

# മൈ ഇംഗ്ലീഷ് വേൾഡ്

മിസ്സിംഗ് മാൻ

ട്രഷർ ഹണ്ട്

ലേണിംഗ് ലേഡർ

എൻജോയ് ഈസി ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷ വിദഗ്ധരുമായി അഭിമുഖം

## പരിസര പഠനം

* പരീക്ഷണങ്ങളിലൂടെ പരിസ്ഥിതി പഠനം.
* വ്യക്തിശുചിത്വം,പരിസരശുചിത്വം എന്നിവ ഉറപ്പിക്കൽ.
* ശാസ്ത്രാഭിരുചി വളർത്തൽ.
* മാലിന്യ നിർമ്മാർജ്ജനം.

ശലഭോദ്യാനം

പൂന്തോട്ട നിർമ്മാണം

പച്ചക്കറി തോട്ടം നിർമ്മാണം

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ നിർമാർജനം

പരിസര ശുചിത്വം വ്യക്തി ശുചിത്വം

മാലിന്യ സംസ്കരണം പ്രോജക്ടുകൾ

ശാസ്ത്രോത്സവം

വിസ്മയ യാത്ര

# ഗണിതം

* സംഖ്യാബോധം വളർത്തൽ.
* സ്ഥാനവില.
* ചതുഷ് ക്രിയകൾ.
* പ്രശ്നപരിഹരണം.
*ഗണിതമൂല തയാറാക്കൽ
* പഠനോപകരണ ശില്പശാല
*ഗണിത വിജയം
*തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
*ഗണിത അസംബ്ലി

## ലക്ഷ്യങ്ങൾ - യു.പി. വിഭാഗം

### ഭാഷ – ഇംഗ്ലീഷ്

* ഇംഗ്ലീഷ് ഭാഷ കേട്ടുമനസ്സിലാക്കാനുള്ള ശേഷി വളർത്തുന്നു.
* ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും പഠിപ്പിക്കുന്നു.
* വ്യാകരണ നിയമങ്ങൾ പാലിച്ചുകൊണ്ട് സംഭാഷണം, വിവരണം,ഡയറി മുതലായവ തയ്യാറാക്കാനുള്ള ശേഷി വളർത്തുന്നു

# അറബി

- അക്ഷര വായന
- അക്ഷരംതിരിച്ചറിയാനുള്ള പ്രവർത്തനം
- അക്ഷരങ്ങൾക്ക് നിറം നൽകൽ
- അക്ഷര ചാർട്ട്
- പദചാർട്ട്
- ഉപചാരവാക്കുകൾ പ്രയോഗം
- കുട്ടിക്കഥകൾ കവിതകൾ ആസ്വാദനം
- പാരായണം

## I too can !!

## വായന കാർഡുകൾ നൽകി,തെറ്റ് കൂടാതെ വായിക്കാൻ അവസരം ഒരുക്കൽ .

# My Own Sentences

ഇഷ്ടപ്പെട്ട ഒരു വിഷയത്തെക്കുറിച്ച് സ്വന്തമായി വാചകങ്ങൾ പറയിച്ച് BB / Chart ൽ എഴുതൽ. Reading cards കൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

## Word wheel

ഒരു വാക്ക് നൽകി അതുമായി ബന്ധപ്പെട്ട കൂടുതൽ വാക്കുകൾ കണ്ടെത്തൽ, എഴുതൽ.

# My Droplets

കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി, ആശംസ കാർഡുകൾ എന്നിവ തയ്യാറാക്കുന്നു.

# English Fest

5, 6,7 ക്ലാസുകളിൽ യോജിച്ച പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകൽ. ( Role play, skit, speech, Poem writing, Story writing, Choreography etc..)

# മലയാളം

1. ഭാഷാശേഷി വികസനം

2. സർഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.

3. കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക.

4. കാവ്യാലാപനത്തിനുള്ള മികവ് വളർത്തുക.

5. നൂതനസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തൽ

6.നമ്മുടെ മണ്ണിനെയും, പ്രകൃതിയെയും, മാതൃഭാഷയെയും സ്നേഹിക്കാനും ഉള്ള കഴിവ് നേടുക.

മാഗസിൻ

പാവ നാടകം

ഡിജിറ്റൽ ലൈബ്രറി

സാഹിത്യകാരന്മാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖം

ചൊൽകാഴ്ചകൾ ലഘുനാടകങ്ങൾ ഇവയുടെ അവതരണം

അക്ഷരചിത്രങ്ങളുടെ താഴെ പേരെഴുതൽ

സ്കൂൾ പ്രവർത്തനങ്ങളെ വാർത്താരൂപത്തിൽ അവതരിപ്പിക്കൽ

ക്വിസ് മത്സരം –വായനപുസ്തകങ്ങളിൽ നിന്ന്

മലയാളം വർക്ക് ഷീറ്റ് ചെയ്യൽ

# ഉറുദു

* അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു
* ആശയവിനിമയശേഷി ഉറപ്പിക്കൽ.
* സാഹിത്യാഭിരുചി വളർത്തൽ.
* ഭാഷാതാത്പര്യം വളർത്തൽ.

# സംസ്കൃതം

* അക്ഷര പരിചയം
* പദ പരിചയം
* എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു
* ഭാഷാതാത്പര്യം വളർത്തൽ.

# ഹിന്ദി

* അക്ഷര പരിചയം
* പദ പരിചയം
* എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു
* ഭാഷാതാത്പര്യം വളർത്തൽ.

# അടിസ്ഥാന ശാസ്ത്രം

* പരിസര നിരീക്ഷണം,പ്രകൃതിനിരീക്ഷണം എന്നീ ശേഷികൾ വളർത്തൽ

* സാങ്കേതിക വിദ്യകൾ പരിചയപ്പെടൽ.

* ശാസ്ത്രാഭിരുചി വളർത്തൽ,പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

* ശാസ്ത്രജ്ഞരെപ്പറ്റിയും,കണ്ടുപിടുത്തങ്ങളെപ്പറ്റിയും അറിവ് നേടൽ.

* പഠനോപകരണ നിർമ്മാണം.

* ശാസ്ത്രബോധം വളർത്തൽ,പൊതുവിജ്ഞാനം ആർജ്ജിക്കൽ.

ശാസ്ത്ര ക്ലാസുകൾ

ഡിജിറ്റൽ ലൈവ്

ക്ലാസുകൾ

ശാസ്ത്ര മൂല

പരീക്ഷണക്കളരി

ശാസ്ത്ര ലൈബ്രറി

നിരീക്ഷണ പുസ്തകം

# സാമൂഹ്യശാസ്ത്രം

* കേരള ചരിത്രം, ലോക ചരിത്രം എന്നിവ മനസ്സിലാക്കുന്നതിന്.

* ഇന്ത്യൻ ഭരണഘടനയെപ്പറ്റി അറിവ് നേടൽ.

* ആനുകാലിക വിവരങ്ങൾ അറിയുന്നതിന്.

* മാതൃകാ നിർമ്മാണങ്ങളിലൂടെ ആശയങ്ങൾ ദൃഢപ്പെടുത്തൽ.



**ചരിത്ര സ്മാരകങ്ങളിലേക്ക്**
**ഫീൽഡ് ട്രിപ്പ്**
**സംഘടിപ്പിക്കൽ**



# ഗണിതശാസ്ത്രം




* ചതുഷ് ക്രിയകളിൽ പ്രാവീണ്യം ഉറപ്പ
* ഗുണനപ്പട്ടിക ഉറപ്പിക്കൽ
* സ്ഥാനവില അനുസരിച്ച് സംഖ്യാബോധം വളർത്തൽ.
* ഭിന്നസംഖ്യാ ബോധം ശക്തിപ്പെടുത്തൽ.
* ഭിന്നസംഖ്യാക്രിയകളിൽ പ്രാവീണ്യം ഉറപ്പിക്കൽ.
* ഗണിത രൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിയൽ.
* ദിനാചരണങ്ങൾ ഗണിതവുമായി ബന്ധപ്പെടുത്തൽ.
* ഗണിതത്തോട് താത്പര്യം വളർത്തൽ.

**ഗണിത ലാബ് സജ്ജീകരണം**

**ഗണിത മൂല തയ്യാറാക്കൽ**

Thanks

A D V U P S Peringandur

# അക്കാദമിക മാസ്റ്റർ പ്ലാൻ (LP STD 1)
## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവർ ആക്കുക | സചിത്ര നോട്ടുപുസ്തകം സചിത്ര ആസൂത്രണം അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ സചിത്ര ഡയറി സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക | ജൂൺ | ക്ലാസ് അധ്യാപകർ പിടിഎ | SSA |
| ലളിതമായ വായന കാർഡുകൾ നിർമ്മിക്കുകയും വായിക്കുകയും ചെയ്യുന്നു | ചിത്ര കാർഡുകൾ വായന കാർഡുകൾ നിർമ്മാണ ശില്പശാല സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ കുട്ടിക്ക് കഥപറയാൻ അവസരം ഒരുക്കൽ<br>വായന മൂല ക്ലാസ് ലൈബ്രറി ഒരുക്കൽ<br><br>താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ | | ക്ലാസ് അധ്യാപകർ | |
| രക്ഷിതാവിൻറെയും അധ്യാപകരുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടു കൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു<br><br>രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു | പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു. ചെറിയ കഥകൾ കേൾക്കാൻ അവസരംനൽകുന്നു.അക്ഷര പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു. ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽ കുന്നു | ജൂലൈ | ക്ലാസ് അധ്യാപകർ | |
| പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു | റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്,,മലയാളം മധുരം പ്രവർത്തനങ്ങൾ ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു<br>രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു<br>ഭാവാത്മക വായനയിലേക്ക് വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു | ആഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് അധ്യാപകർ രക്ഷിതാവ് | |
| സർഗ്ഗശേഷികൾ കൈവരിക്കുന്നു | വായനോത്സവം സംഘടിപ്പിക്കുന്നു പത്രവായനയ്ക്ക് അവസരം ഒരുക്കുന്നു<br>ക്ലാസ് പത്രം രൂപപ്പെടുത്തുന്നു<br>ഭിന്ന നിലക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു<br>കൂട്ടവായന നാട്ടുവായന വീട്ടുവായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ | ഒക്ടോബർ മാർച്ച് | ക്ലാസ് അധ്യാപകർ പിടിഎ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ (LP STD 2)
## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക<br><br>ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.<br><br>എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവ് ഉള്ളവരാക്കുക | ചിത്ര കാർഡുകൾ നൽകൽ ചിത്രവും പദവും ഉൾക്കൊണ്ട് ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ വായന സാമഗ്രികൾ നിർമ്മിക്കൽ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ<br><br>ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്ന ദിനാചരണ ങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്ന സ്കൂൾ ലൈബ്രറി,ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്ന രക്ഷിതാക്കളുടെ സഹായത്തോടെ വീട്ടിൽ ലൈബ്രറിയൊരു ക്കൽ ചിത്രവിവരണം നടത്തൽ<br>വായനതലത്തിൽ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു<br><br>കേട്ടതോ വായിച്ചതോ ആയ കഥകളും സംഭാഷണങ്ങളും സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.<br><br>വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ട മുൻഗണന നൽകുന്ന കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.<br><br>ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം കൊടുക്കുന്നു.<br><br>വരികൾ കൂട്ടിച്ചേർത്ത് എഴുതാനും പാടാനുമുള്ള അവസരം ഒരുക്കുന്നു.<br>ലഘു വിവരണങ്ങളും പ്രത്യേകതകൾ എഴുതാൻ ഉള്ള അവസരം ഒരുക്കുന്നു<br><br>ഭാഷണം, ലേഖനം,എഴുത്ത്എന്നീ എല്ലാ | ജൂൺ<br><br>ജൂലൈ ആഗസ്റ്റ്<br><br>സെപ്റ്റം ബർ ഒക്ടോബർ<br><br>നവംബർ തുടങ്ങി ജനുവരി വരെ | ക്ലാസ് അധ്യാപകർ<br><br>ക്ലാസ് അധ്യാപകർ,<br><br>ക്ലാസ് അധ്യാപകർ, | SSA |

| | | | | |
|---|---|---|---|---|
| വർഷാവസാനം സ്വതന്ത്രമായി ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന സംഭാഷണം, ലഘുവിവരണം എന്നിവ തയ്യാറാക്കുന്നു. ആശയം, ഈണം, താളം എന്നിവ പരിഗണിച്ച വരികൾ ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്ന | മേഖലയിലും എത്തിക്കാൻ സാധിച്ചു എന്ന് ഉറപ്പുവരുത്തൽ<br><br>വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br><br>ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കയ്യെഴുത്ത് മാസിക തയ്യാറാക്കൽ<br><br>അമ്മ വായന, ചിത്ര വായന, വീട്ടുവായന, കൂട്ടുവായന ഇവയെ പ്രോത്സാഹിപ്പിക്കൽ<br>ക്ലാസ് ലൈബ്രറി ശക്തമാക്കൽ | ഫെബ്രുവരി മാർച്ച് | ക്ലാസ് അധ്യാപകർ, രക്ഷിതാക്കൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ (LP STD 3)

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ ചൊല്ലി അവതരിപ്പിക്കും.<br><br>രചനകൾ ഭാവാത്മകമായി വായിക്കും<br><br>കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ ചൊല്ലി അവതരിപ്പിക്കും.<br><br>രചനകൾ ഭാവാത്മകമായി വായിക്കും<br><br>കലാരൂപങ്ങൾ, വേഷവിധാനം, ചിത്രശേഖരണം ആൽബം, പാവനാടകം (ശബ്ദ ശേഖരണം) എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ<br><br>വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും സംസാരിക്കാനും കഴിയണം<br><br>കഥ കവിത നാടൻപാട്ട് കടങ്കഥ പഴഞ്ചൊല്ല് മുതലായവ ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുന്നു<br><br>തൊഴിലുമായി ബന്ധപ്പെട്ട ആശയങ്ങൾ കണ്ടെത്തുന്നു.<br><br>പുതിയ പദങ്ങളെ അക്ഷരമാലക്രമത്തിൽ ആക്കു ന്നു.വിവരണം | നാടൻ പാട്ടുകൾ ശേഖരണം- വായ്ത്താരികൾ ഉള്ളത്. പഴഞ്ചൊല്ലുകൾ ശേഖരണം, കഥാ ശേഖരണം,ക്ലാസ് ലൈബ്രറി നവീകരണം, നാടൻപാട്ടിലെയും കവിതയിലെയും താളം<br>സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കാം<br><br>കവിത ചൊല്ലൽ ശില്പശാല കഥോത്സവം.<br>കടങ്കഥകൾ ശേഖരണം കടങ്കഥ പാട്ടുകൾ കടങ്കഥ പതിപ്പ് കടങ്കഥ പയറ്റ്<br><br>ലൈബ്രറിയിൽ കഥാപുസ്തകങ്ങൾ ഒരുക്കിവയ്ക്കൽ, അവതരണ ങ്ങൾ, ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകളുടെ ശേഖരണം, പലഹാരമേള- പാചകക്കുറിപ്പ് തയ്യാറാക്കൽ<br><br>കത്തുകൾ മാതൃകകൾ ഹരിതകർമ്മ സേന അഭിമുഖം അക്ഷരമാല ക്രമം ആത്മകഥ തയ്യാറാക്കൽ<br><br>ലഘുവായ സർഗ്ഗാത്മക രചനകൾ നടത്തുന്നു. കഥ,കവിത ഡയറി,ചിത്രം എന്നിങ്ങനെ... കഥകളെയും കവിതകളെയും മറ്റും പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കുന്നു കൃഷിപ്പാട്ടുകൾ കൃഷിചൊല്ലുകളുടെയും | ജൂൺ- മാർച്ച്<br><br>ഒക്ടോബർ നവംബർ ഡിസംബർ | ക്ലാസ് അധ്യാപകർ, രക്ഷിതാക്കൾ<br><br>മലയാളം അധ്യാപിക<br><br>മലയാളം ക്ലബ്ബ്<br><br>മലയാളം അധ്യാപിക | PTA |

| | | | | |
|---|---|---|---|---|
| തയ്യാറാക്കുന്നു.<br><br>ഉചിതമായ രീതിയിൽ ഖണ്ഡികകളിൽ പ്രയോഗിക്കുന്നു<br><br>പ്രകൃതി നടത്തം,യാത്ര ഇവയുമായി ബന്ധപ്പെട്ട് കാര്യങ്ങൾ തിരിച്ചറിയുന്നു. ഇതുമായി ബന്ധപ്പെട്ട പാട്ട്, കഥ,കവിത, യാത്രാനുഭവ വിവരണം വായിച്ച് ആനന്ദിക്കുന്നു. വായിച്ച കാര്യങ്ങൾ കഥ, കവിത,വിവരണം എന്ന രീതിയിൽ അവതരിപ്പിക്കുന്നു. സ്വന്തം വായനയിൽ ഭാഷാവസ്തുതകൾ പ്രയോഗിക്കുന്നു. സ്വന്തം വായന അനുഭവങ്ങൾ, വായനക്കുറിപ്പ്, ചിത്രീകരണം എന്നിവയിലൂടെ ആവിഷ്കരിക്കുന്നു.<br><br>ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊണ്ട് പരിഗണനയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുക, പ്രാദേശിയ ഭാഷാഭേദങ്ങളും ഭാഷാന്യൂനപക്ഷ ങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ട് മികവിൽ ജനാധിപത്യം സാധ്യമാകുന്നത്. വിശേഷണം പിരിച്ചെഴുത്ത്, വാക്യഘടന,ചിഹ്നം,ഖണ്ഡിക തുടങ്ങിയ ഭാഷാ വസ്തുത | അവതരണം.<br>കുട്ടിക്കാലഅനുഭവങ്ങൾ വിവരണം.<br>നാടൻ പാട്ടുകൾ ശേഖരിക്കൽ അനുഭവ വിവരണം, ചിത്രീകരണം, വരികൾ കൂട്ടിച്ചേർക്കൽ.<br><br>ഭാവാത്മക വായന, കവിത ഈണത്തിലും താളത്തിലും ഭാവത്മകമായി ചൊല്ലുന്നു.<br><br>റോൾപ്ലേ നടത്തുന്നു. കഥാവികസിപ്പിക്കുന്നു. ആവശ്യമായ ഊന്നലുകളും നിരത്തലുകളും പുലർത്തി വായിക്കുന്നു, സംസാരിക്കുന്നു.<br><br>ആശയങ്ങൾ പോസ്റ്റർ വിവരണം കത്ത് ചിത്രം സംഭാഷണം മുതലായ രൂപങ്ങളിൽ ആവിഷ്കരിക്കുന്നു<br><br>സംവാദം കത്ത് തയ്യാറാക്കൽ, ചിത്രത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കൽ, കവിത താളമിട്ട് ചൊല്ലൽ, സംഭാഷണം തയ്യാറാക്കൽ | ജനുവരി<br>മാർച്ച് | മലയാളം അധ്യാപിക<br>വിദ്യാരംഗം ക്ലബ്ബ്<br><br>മലയാളം അധ്യാപിക<br><br>മലയാളം ക്ലബ്ബ്<br><br>വിദ്യാരംഗം ക്ലബ്ബ് | PTA |

| | | | | |
|---|---|---|---|---|
| തിരിച്ചറിയുന്നു. വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുന്നു | | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ (LP STD 4)
## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.<br><br>വായിക്കാം, വളരാം, വായനശേഷി വളർത്തൽ<br><br>എഴുതാം തെളിയാം, എഴുത്ത് പരിപോഷിപ്പിക്കൽ, എഴുത്തുകാരന്മാരെ പരിചയപ്പെടൽ, ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരു ക്കൽ, ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്,ആനുകാലിക വായന<br><br>പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ സാഹിത്യകാരന്മാരും ആയി എഴുത്തിലൂടെയോ നേരിട്ട് സമ്മതിക്കൽ വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ | വർഷം മുഴുവൻ ലക്ഷ്യം നേടുന്നതു വരെ<br><br>ജൂൺ- മാർച്ച് | ക്ലാസ് അധ്യാപകർ<br><br>ക്ലാസ് അധ്യാപകർ | PTA |

## Academic Master Plan
## ENGLISH LP STD 1

| Objectives | Activities | Duration | In-charge | Fund |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം, സിനിമാപ്രദർശനം.<br><br>ഇംഗ്ലീഷ് പാഠഭാഗങ്ങളെവ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (സ്കിറ്റ്, conversation) | മാസത്തിലൊന്ന്<br><br>ജനുവരി | ഇംഗ്ലീഷ് ടീച്ചർ ക്ലാസ് ടീച്ചർ | SSA |

## Academic Master Plan
## ENGLISH LP STD 2

| Objectives | Activities | Duration | In-charge | Fund |
|---|---|---|---|---|
| To speak,read and write English without any mistakes<br><br>To develop listening skills& reading skills first | Games action songs hello English activities skit stories, conversation, use ICT, Description library books reading, book review, reading breaking news, quiz riddles, self introduction growing sentences, school radio etc, rhyming words, describing words,<br><br>Make word web, word chain sentence chain, add more lines, notice proclamation, letter announcement, magazines, develop stories | | | |

## Academic Master Plan
## ENGLISH LP STD 3

| Objectives | Activities | Duration | In-charge | Fund |
|---|---|---|---|---|
| To speak read and write English without any mistakes.<br>To develop listening skills and reading skills. | To check the vocabulary and writing skills of pupils. Pretest-write simple words<br><br>Speech, book review, quiz riddles, self introduction, school radio etc.<br><br>Circle the word from TB and read | June&July | Teacher &students | PTA |
| Develop story, Reads diary, Reads letter from friends. | Makes description, magazine etc<br><br>Visit post office<br><br>Diary, letter, announcement Classroom exhibition, classroom post office etc | August September October November | Teacher, students, parents | PTA |
| Create more opportunities for English speaking in the classroom | Notice proclamation, Thought | December to March | | |

## Academic Master Plan
## ENGLISH LP STD 4

| Objectives | Activities | Duration | In-charge | Fund |
|---|---|---|---|---|
| Improving the ability to read, speak, and write English effectively | Assembly meeting two days a week | Throughout the year | Class Teacher | PTA |
| Ability to write English without errors | Always at home write down the activities carried out at school as English diary entries | Three a week day (round the year) | Class teacher | |
| Nurturing creativity | Transforming english lessons into dialogues | Once a month | Class teacher | |
